(സി) മുഖ്യമന്ത്രിയുടെ ബഹുജന സമ്പർക്ക പരിപാടി 100 ദിവസത്തെ കർമ്മ പരിപാടിയുടെ ഭാഗമാണ്.

(ഡി) നവംബർ 30-ാം തീയതി മാത്രമേ ജനസമ്പർക്ക പരിപാടി തീരുകയുള്ളൂ. വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികൾക്ക് പരിശോധനകൾ സൗജന്യമാക്കുന്നതിന് നടപടി

*29 [28] *ശ്രീ. തമ്പാനൂർ രവി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികളിൽ നിന്നും സ്കാനിംഗ്, എക്സ്-റേ തുടങ്ങിയവയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന ഫീസ് പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) അത്യാഹിതത്തിലെത്തുന്ന നിർദ്ധനരായ രോഗികൾ ഇത്തരം പരിശോധനകൾ നടത്തുന്നതിനാവശ്യമായ പണം ഇല്ലാതെ കഷ്ടത അനുഭവിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) :*

(എ) മെഡിക്കൽ കോളേജുകളിൽ അത്യാഹിത വിഭാഗത്തിലെത്തുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള രോഗികളിൽ നിന്നും ഫീസ് വാങ്ങിക്കാറില്ല. അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിക്കുമ്പോൾ ഫീസ് അടയ്ക്കാൻ പണമില്ല എന്ന കാരണത്താൽ ചികിൽസ ആർക്കും നിഷേധിക്കാറില്ല. എന്നാൽ അല്ലാതെ അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികളിൽ നിന്നും സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ എക്സ്റേയ്ക്ക് മുപ്പതു രൂപയും സ്കാനിംഗ് 600 രൂപ മുതൽ 1100 രൂപ വരെയും വാങ്ങിക്കാറുണ്ട്; പിൻവലിക്കുന്ന കാര്യം ഇപ്പോൾ ആലോചനയിലില്ല.

(ബി) നിർദ്ധനരായ രോഗികളിൽ നിന്നും ഇത്തരം പരിശോധനകൾക്ക് ഫീസ് ഈടാക്കാറില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തീർപ്പുകൽപ്പിച്ച ഫയലുകൾ

1 [1] *ശ്രീ. ജോണി നെല്ലൂർ :*

„ sl. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയേറ്റിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിലായി എത്ര ഫയലുകൾ കെട്ടിക്കിടക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly